മലിനീകരണം കേരളം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. നിർദ്ദേശങ്ങൾ ഒരുപാട് ഉയർന്നു വരുകയും പലതും പരീക്ഷിച്ച് പരാജയപ്പെടുകയും ചെയ്തവരാണ് നമ്മൾ. മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക എന്ന ശാശ്വതമായ പരിഹാരവും സമൂഹം വേണ്ടവിധത്തിൽ സ്വീകരിച്ചിട്ടില്ല. പിന്നെന്താണ് പരിഹാരം? മാലിന്യ സംസ്കരണ രംഗത്ത് വിജയകരമായി പരീക്ഷിച്ച വ്യത്യസ്തമായ ഒരു പരീക്ഷണമായിരുന്നു തിരുവനന്തപുരത്തെ തണലിന്റെ നേതൃത്വത്തിൽ കോവളത്ത് നടപ്പിലാക്കിയ സീറോ വെയ്സ്റ്റ്. ശാസ്ത്രഗതി മാസിക മാലിന്യ സംസ്കരണത്തെകുറിച്ച് നടത്തിയ ചർച്ചയിൽ തണലിന്റെ പരീക്ഷണത്തെക്കുറിച്ച് **ഡോ. ആർ.വി.ജി. മേനോനും** തണലിന്റെ പ്രതിനിധിയായ **ഷിബു കെ. നായരും** തമ്മിൽ നടന്ന സംഭാഷണത്തിലെ പ്രസക്തഭാഗങ്ങളാണിത്.

# സീറോ വെയ്സ്റ്റ്
# വിജയകരമായ പരീക്ഷണം

**ആർ വി ജി :** എന്തായിരുന്നു നിങ്ങളുടെ പ്രോജക്ട്, കൂടുതൽ വിശദീകരണങ്ങൾ തരാമോ?

**ഷിബു:** കോവളത്ത് ഒരു ഇൻസിനറേറ്റർ സ്ഥാപിക്കാനുള്ള നീക്കത്തിനെതിരെയുള്ള സമരത്തെതുടർന്നാണ് അവിടുത്തെ മാലിന്യപ്രശ്നത്തിൽ ഞങ്ങൾ ഇടപെടാൻ തുടങ്ങിയത്. പ്രതിഷേധം ശക്തമായപ്പോൾ അവർ അത് വേണ്ടെന്നുവച്ചു.എന്നാൽ അവർ പറഞ്ഞത് വേഴ്സ്റ്റമാനേജ്മെന്റിന് മറ്റു മാർഗങ്ങളെന്തെങ്കിലുംആരായണം എന്നാണ്. ജനങ്ങളുടെ മനോഭാവം വേഴ്സ്റ്റ് ഉണ്ടാക്കുന്ന സ്രോതസ്സുകൾ, ഇപ്പോഴത്തെ മാലിന്യസംസ്ക്കരണം എന്നിവയൊക്കെ പഠനവിധേയമാക്കി. ഒരു ദിവസം 430 ടൺ വേഴ്സ്റ്റ് ഉണ്ടെന്നായിരുന്നു അവിടുത്തെ കണക്ക്. ഞങ്ങൾ ഹോട്ടലുകളിലും മറ്റും ഇടപെട്ട് കൃത്യമായ കണക്ക് എടുത്തപ്പോൾ വേഴ്സ്റ്റ് 5 ടണ്ണിൽ കൂടുതൽ വരുന്നില്ല. അവിടെ കണ്ട പ്രശ്നങ്ങൾ മുഴുവൻ ഞങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചു. പഞ്ചായത്ത് വിവിധവകുപ്പുകൾ, ഡ്രൈവർമാർ, ഹോട്ടലുകാർ തടുങ്ങിയവരൊക്കെ പങ്കെടുത്തു,. അവിടെ നിന്നു പല വിധത്തിലുള്ള നിർദേശങ്ങളുണ്ടായി. പ്ലാസ്റ്റിക് ഒഴിവാക്കണമെന്ന കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമായിരുന്നു. അതിനു പകരം വയ്ക്കാവുന്ന ഉത്പ്പന്നങ്ങളെ സംബന്ധിച്ച് പല ബദൽ നിർദ്ദേശങ്ങളും വന്നു. സീറോ വേസ്റ്റ് പരിപാടി തുടങ്ങുന്നതിനുമുമ്പ് അത്തരം ഉത്പ്പന്നങ്ങൾ ഉണ്ടാക്കാനായി രണ്ടാഴ്ചത്തെ പരിശീലനം നൽകി. നല്ല പ്രതിരണമായിരുന്നു. അതിൽ നിന്നുള്ള ഊർജ്ജത്തിൽനിന്നാണ് പിന്നീട് മുന്നോട്ടുപോയത്. അവിടെ ഹോട്ടലുകൾക്കായി പ്രവർത്തിച്ചിരുന്ന ഒരു ബയോഗ്യാസ്പ്ലാന്റ് ഉണ്ടായിരുന്നു. അത് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷന്റെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്ന പരമാവധി ശ്രമം നടത്തണം. അതിനുള്ള ബോധവത്ക്കരണപരിപാടിയാണ് ആദ്യം ആരംഭിച്ചത്. കൃഷി ഓഫീ,സർ ആശുപത്രി, ഹോട്ടൽ അധികൃതർ എന്നിവരുമായി ചർച്ച നടത്തിയാണ് ബോധവത്ക്കരണപരിപാടി തുടങ്ങിയത്. അവർക്കൊക്കെ നടപ്പാക്കാനുള്ള സംഘടനാ സംവിധാനമുണ്ട്. വിഴിഞ്ഞം പഞ്ചായത്തിന്റെ ഭാഗത്തുനിന്നു പ്രതീക്ഷയ്ക്ക വിപരീതമായി വലിയ എതിർപ്പുണ്ടായി. വെങ്ങാനൂർ പഞ്ചായത്ത് അനുകൂലമായി പ്രതികരിച്ചു. ഈ രണ്ടു പഞ്ചായത്തിന്റെ ബോർഡറിലാണ് കോവളം കിടക്കുന്നത്. റിസോഴ്സ് റിക്കവറി സൊലൂഷനാണ് ആദ്യം ചെയ്തത്. വേഴ്സറ്റ് അതിന്റെ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക എന്നതാണ് മറ്റൊന്ന്. നാം ശീലിച്ചിട്ടുള്ളതും കോവളത്ത് ചെയ്തുകൊണ്ടിരിക്കുന്നതും വേർതിരിക്കാതെ ചവറു മാറ്റാൻ തുക കൊടുക്കുകയായിരുന്നു. അതിൽ നിന്ന് അധികജോലിയായി തരം തിരിക്കൽ വേണമെന്ന് ഞങ്ങൾ പറഞ്ഞു. ബോധ്യപ്പെടുത്താൻ സമയമേറെയെടുത്തു. മൂന്ന് മോഡൽ ഉണ്ടാക്കാനായി.ഒന്ന് വ്യക്തിഗതമായി ഓരോ സ്ഥാപനത്തിലും മറ്റൊന്ന് റസ്റ്റോറന്റുകളോട് ചേർന്നുള്ള സംവിധാനം. ബയോഗ്യാസ് പ്ലാന്റായിരുന്നു മൂന്നാമത്തേത്. അത് കുറച്ചു കാലം നന്നായി നടന്നു. രാഷ്ട്രീയ കാരണങ്ങളാൽ മാത്രം അതിപ്പോൾ പ്രവർത്തിക്കാതെ കിടക്കുന്നു. സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ മാർഗങ്ങളുമുണ്ടായിരുന്നു.

**ആർ വി ജി:** പൊതുസംവിധാനത്തിന്റെ ഉത്തരവാദിത്തം ആർക്കൊ

ക്കെയായിരുന്നു?

**ഷിബു:** 15 റസ്റ്റോറന്റിന്റേത് കേരളഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അവരുടെ യൂണിറ്റുകളിൽ ആളെവച്ച് ഓപ്പറേറ്റ് ചെയ്തിരുന്നു. രാഷ്ട്രീയമായ പ്രശ്നങ്ങളും ഉണ്ടായിരുന്നു. വിഴിഞ്ഞം പഞ്ചായത്തിന്റെ ഭാഗത്തുനിന്നാണത്. വാർഡമെമ്പറും പഞ്ചായത്തും തമ്മിലുള്ള ചില തർക്കങ്ങളും മറ്റുമായിരുന്നു ഇതിൽ പ്രതിഫലിച്ചിരുന്നത് സമുദ്ര ഹോട്ടലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാറ്ററിംഗ് ആന്റ് ഫുഡ് ടെക്നോളജിയും സ്വന്തം സംവിധാനങ്ങളുണ്ടാക്കി. അതൊക്കെ ബയോഗ്യാസ് പ്ലാന്റുകളും അല്ലാത്ത വേഴ്സറ്റ് തിരിച്ചു വൃത്തിയാക്കി മാറ്റുന്ന സംവിധാനവുമായിരുന്നു. അത് ക്രമേണ മുന്നോട്ടു പോയി. ഇതു കണ്ട് മറ്റു പല ഹോട്ടലുകളും വേഴ്സറ്റ്മാനേജ്മെന്റ് സംവിധാനങ്ങളുണ്ടാക്കി. ശേഖരിച്ചുകൊടുക്കുമായിരുന്ന ആക്രിക്കാർക്ക് കൊടുക്കാവുന്ന സംവിധാനമുണ്ടായി. ഏറ്റവും വലിയ തടസം തരംതിരിക്കലായിരുന്നു. പ്രത്യേകിച്ച് ഹോട്ടലിൽ ഓരോ സീസണിലും പുതിയ ആൾക്കാർ വരും. നാം ബോധവത്ക്കരിക്കുന്നവരല്ല പിന്നെയും വരുന്നത്. എന്നിട്ടുപോലും ഇത് പ്രവർത്തിപ്പിക്കാനായി. ആഴ്ചതോറും മൂന്ന് നാല് പ്രാവശ്യം ഹോട്ടലുകളിൽ പോയി നോക്കുകയും മറ്റും ചെയ്തിരുന്നു.

**ആർ വി ജി:** അവിടുത്തെ എല്ലാ കടകളും സ്ഥാപനങ്ങളും ഈ പരിപാടിയിൽകീഴിൽ വന്നിരുന്നോ?

**ഷിബു:** വന്നില്ല. ഞങ്ങൾ പടിപിടയായിരുന്നു പദ്ധതി നടപ്പാക്കാൻ തുടങ്ങിയത്. ഒരു മോഡലായി എടുത്തത് ഐ.എ.എച്ച്.എം.സി യെയാണ്. അതു കഴിഞ്ഞ് സമുദ്ര. അടുത്ത പടിയായി കടകളിൽ വരുന്ന ബയോഡീഗ്രേഡബിൾ വേസ്റ്റ് കൈകാര്യ ചെ.യ്യാനാണ് ശ്രമിച്ചത്. തുടർന്ന പഞ്ചായത്ത ഭരണസമിതിയിൽ മാററം വന്നതോടെ നൂറു കോടിയുടെ പദ്ധതി പുതിയ പുതിയ ഏജൻസിയെ ഏൽപ്പിച്ചു. ഈ പ്രൊജക്ട് നടത്തിപ്പിനെസംബന്ധിച്ച് ഞങ്ങളോട് അവർ ആലോചിച്ചിരുന്നില്ല. അവർ കൂടിയ മീറ്റിംങിൽ ഞങ്ങളെ വിളിച്ച വിവരം പറയുകയായിരുന്നു. വന്ന ഏജൻസി ആദ്യം ചെയ്തത്. വേർതിരിക്കൽ വേണ്ട, ഞങ്ങൾ മുഴുവൻ കൊണ്ടുപോയ്ക്കൊള്ളാം എന്നായിരുന്നു അവർ പറഞ്ഞത്. സിറോ വേഴ്സ്റ് പരിപാടിയിൽ നമ്മുടെ വേഴ്സ്റ്റ് പുറത്തുകൊണ്ടു പോയി തള്ളാൻ പറ്റുമായിരുന്നില്ല. അത് ചെയ്യുന്നത് തെറ്റാണ്. അത് റിക്കവർ ചെയ്യണം. ധാർമ്മികമായ രീതിയിൽ അത് സംരക്ഷിക്കണം. വികേന്ദ്രീകൃതസംവിധാനമാണ് നല്ലത് എന്ന് ധാരണ ഉണ്ടായിരുന്നെങ്കിലും അതെല്ലാം പിന്നീട് തകിടം മറിച്ചു.

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പദ്ധതിയായിരുന്നു അടുത്ത ആലോചന. വിഴിഞ്ഞം പഞ്ചായത്ത് 500 ഓളം വീടുകളിലായി ബയോഗ്യാസ് പ്ലാൻര് നൽകിയിരുന്നു. അതൊരു മോഡലായി പ്രവർത്തിച്ചിരുന്നു. എന്നാൽ കൂടുതലാളുകളിലേക്ക് എത്തിക്കാനുള്ള രണ്ടാംഘട്ടം പ്രവർത്തനം നടന്നില്ല. ഹോട്ടലുകളിൽ ഉപയോഗിച്ചിരുന്ന പ്ലാസ്റ്റിക് സാധനങ്ങൾക്കു പകരം പേപ്പർ ഉത്പ്പന്നങ്ങളും മറ്റും ഉപയോഗിച്ച് ബദൽ കണ്ടെത്താനായിരുന്നു ശ്രമം. അതിൻെ ഭാഗമായി ചെറു ഉത്പ്പന്നങ്ങൾ പകരമായി വന്നു. 150 ഓളം പേർക്ക അതിന്റെ ഭാഗമായി ചെറിയ തൊഴിലുണ്ടാക്കാനും കഴിഞ്ഞു. ഒരു ദിവസം 50 രൂപ കിട്ടുന്നതരത്തിലുള്ള പേപ്പർ, ചിരട്ട തുടങ്ങിയവ കൊണ്ടുള്ള ബദൽ ഉത്പ്പന്നങ്ങൾ ഉണ്ടാക്കുന്നവയായിരുന്നു പലതും. പല ഹോട്ടലുകളിലും ലോൺട്രിബാസ്ക്കറ്റ് പ്ലാസ്റ്റിക്കായിരുന്നു. അത് മാറ്റാൻ കഴിഞ്ഞു. പലരും വേഴ്സറ്റ് ഇടാൻ പേപ്പർബാഗ് ഉപയോഗിച്ചു. പെറ്റ്ബോട്ടിൽ അയ്യായിരത്തോളം ദിവസേന ഒഴിഞ്ഞിരുന്നു. അത് വലിച്ചെറിയുന്നത് ആയിരത്തിനടുപ്പിച്ചാക്കി കുറയ്ക്കാൻ കഴിഞ്ഞു.

പെറ്റ് ബോട്ടിലിനു പകരംഡിസ്പെൻസേഴ്സ് വയക്കാൻ പറഞ്ഞു വളരെ പ്രധാനപ്പെട്ട വലിയ ഹോട്ടലുകൾ അത് ചെയ്തു. അവരായിരുന്നു കൂടുതൽ ടൂറിസ്റ്റുകളെ കൈകാര്യ ചെയ്തിരുന്നത് ദിവസവും ഒരാൾ ശരാശരി മൂന്ന് ബോട്ടിലെങ്കിലും വെള്ളം ഉപയോഗിച്ചിരുന്നു. അത റീഫിൽ ചെയ്യാനുള്ള സംവിധാനമുണ്ടാക്കി. ഒരു ബോട്ടിൽ റീഫിൽ ചെയ്യുമ്പോൾ 3രൂപയിൽ താഴെയേ ചിലവ് വരൂ. അത് ലാഭമുണ്ടാക്കി 6-7 രൂപയായിരുന്നു മുമ്പുണ്ടായിരുന്നത്. അവിടെ വിശ്വാസത്തിന്റെ ഒരുപ്രശ്നമുണ്ടായി. വിശ്വാസമുണ്ടെങ്കിലേ കടയിൽ നിന്ന് റീഫിൽ ചെയ്യൂ. അടുത്ത പടിയായി ഹെർബൽ കൊടുക്കാനുള്ള കിയോക്സ് ആലോചിച്ചിരുന്നുവെങ്കിലും നടപ്പായില്ല. ബീച്ചിലുള്ള പ്രവർത്തനങ്ങൾ ചിലത് ചെയ്തു. പാക്കേജ് സാധനങ്ങളിൽ പ്ലാസ്റ്റിക് ഒഴിവാക്കൽ, പുനരുപയോഗം, എന്നിങ്ങനെ ലോക്കൽ ലിങ്കുണ്ടാക്കി., അച്ചാർ തുടങ്ങിയവയും മറ്റും സ്ത്രീകളുടെ ഗ്രൂപ്പുകൾ വഴി സ്റ്റീൽ പാത്രത്തിൽ കൊണ്ടുകൊടുക്കാനും സംവിധാനമുണ്ടാക്കി. പച്ചക്കറി,മാവ്(ദോശമാവ് മുതലായവ) ഇതൊക്കെ ഒരു വിജയമായിരുന്നു. പൂർണ്ണമായും കോവളം സീറോവേഴ്സ്റ്റാക്കിയോ എന്ന് ചോദിച്ചാൽ-ഇല്ല-അതുവരെയും പ്രായോഗികമല്ല എന്നു പറഞ്ഞിരുന്ന ഒട്ടേറെ കാര്യങ്ങൾ തദ്ദേശീയമായ ബദൽ പരിപാടിയിലൂടെ നടപ്പാക്കാനായി.ഞങ്ങൾക്ക് കുറെ പരിമിതികളുണ്ട്. അതൊരു മോഡലായി പല പ്രദേശങ്ങളും പിന്നീട് സ്വീകരിച്ചു എന്നതാണ് ശ്രദ്ധേയം പല പഞ്ചായത്തുകളും പല ശ്രമങ്ങളും നടത്തി. ഞങ്ങളുടെ ഉപദേശവും തേടിയിരുന്നു.

പുതി ഏജൻസി പ്രശ്നം പരിഹരിച്ചോ എന്ന് ചേദിച്ചാൽ വേഴ്സ്റ്റുകളെല്ലാം പന്നിക്കു നൽകുമെന്നായിരുന്നു അവർ ആദ്യം പറഞ്ഞിരുന്നത്. പിന്നീട് ഡംപിങ് തന്നെയാണ് അവർ ചെയ്തത്. പല സ്ഥലത്തും കൊണ്ടുപോയി അപ്രകാരം ചെയ്തു.കുറച്ച് വേർതിരച്ച് റീസൈക്ലിംങിന് പോകുന്നുണ്ട്. പലപ്പോഴും ഹോട്ടൽ വേഴ്സ്റ്റുകൾ കരിങ്കൽ ക്വാറികളിലും മറ്റും നിക്ഷേപിച്ചിരുന്നു. അതിനൊക്കെ മാറ്റം വരുത്താൻ ഞങ്ങൾക്കായി. ഉണ്ടാക്കിയ ധാരണകളെല്ലാം ഹോട്ടലുകൾ ഉപേക്ഷിച്ചു. സമുദ്രയിലും മറ്റും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്.

(കടപ്പാട് : ശാസ്ത്രഗതി, മെയ് 2009)

# പെരിയാറിലേക്ക് മാരകമായ മാലിന്യങ്ങൾ ഒഴുകുന്നു

## പാതാളം ബണ്ട് പൊട്ടിയതിന് പിന്നിൽ ഗൂഢാലോചന

പെരിയാറിൽ വെള്ളം കയറാതിരിക്കാനായി പാതാളം ഭാഗത്ത് താത്കാലികമായി നിർമ്മിച്ചിരുന്ന ബണ്ട് 2009 ജൂൺ 31 പൊട്ടിയതും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങയതും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പരിസ്ഥിതി പ്രവർത്തകർ ഫിഷറീസ് മന്ത്രി എസ് ശർമ്മയ്ക്ക് നിവേദനം നൽകി. ഏലൂർ എടയാർ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ ശാലകൾ ശുദ്ധീകരിക്കാത്ത മാലിന്യങ്ങൾ പെരിയാറിലേക്ക് ഒഴുക്കുന്നതിനാൽ ഈ സംഭവം അത്യന്തം ഗൗരവമുള്ളതും അപകടകരവുമാണ്. മൺസൂൺ കാലത്ത് പെരിയാറിലെ നീരൊഴുക്ക് ശക്തമാകുമ്പോൾ വ്യവസായികൾ ഭൂഗർഭ അറകളിൽ സൂക്ഷിച്ചിരിക്കുന്ന വിഷമാലിന്യങ്ങൾ ഒന്നടങ്കം പെരിയാറിലേക്ക് ഒഴുക്കി വിടും. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് അവർ വളരെ രഹസ്യമായി തുടരുന്നു. ജനങ്ങളുടെ പ്രതിഷേധത്തിന്റെ ശക്തി കുറയ്ക്കുന്നതിനും അന്വേഷണത്തിൽ നിന്നും രക്ഷപെടുന്നതിനും നദിയിലെ മാലിന്യ കൂമ്പാരവും ചത്ത് പൊങ്ങിയ മത്സ്യങ്ങളും എത്രയും പെട്ടെന്ന് ഒഴുക്കി കളയാൻ വേണ്ടയാണ് ബണ്ട് പൊട്ടിച്ച് അവർ നീരൊഴുക്ക് ശക്തമാക്കുന്നു. മുൻ വർഷങ്ങളെ അപേഷിച്ച് ചെമ്മണ്ണ് ഉറപ്പിച്ച് ബലപ്പെടുത്തിയാണ് ബണ്ട് നിർമ്മിച്ചിരിക്കുന്നത്. ആവശ്യാനുസരണം ജലം കയറ്റി ഇറക്കിവിടുവാൻ ഒരു റഗുലറേറ്ററും ഉണ്ട്. മൈനർ ഇറിഗേഷനിലെ ജീവനക്കാരൻ രാത്രിയും പകലും ജോലിക്കുണ്ടാകും. ഈ സാഹചര്യത്തിൽ പെരിയാറിലെ ജലനിരപ്പ് ഉയർന്ന് ബണ്ട് പൊട്ടാനുള്ള സാധ്യത വളരെ കുറവാണ്. അതുകൊണ്ടുതന്നെ ഇതിനു പിന്നിൽ വ്യവസായികളുടെയും ജീവനക്കാരുടെയും ഗൂഢാലോചനയാണെന്ന സംശയം ജനങ്ങൾക്കുണ്ട്. വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ പുഴയിലെത്തി മത്സ്യങ്ങൾ ചത്തതോടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിതം വീണ്ടും ദുരിതത്തിലായി.

*(10-ാം പേജിൽ നിന്നും തുടർച്ച)*

വിട്ടുമാറാത്ത ചുമ തുടങ്ങിയ അലർജി രോഗങ്ങളുടെ പിടിയിലാണ്. ഇവിടുത്തെ കിണറുകളിലെ വെള്ളം കൈ കഴുകാൻപോലുംപറ്റാത്ത വിധം മാലിന്യം കലർന്നതാണ്. ഇത് നിത്യോപയോഗത്തിനെടുക്കരുതെന്നട്ടർ അതോറിറ്റി വർഷങ്ങൾക്ക് മുമ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഞെളിയൻ പറമ്പിലെ മലിന ജലം ഒഴുക്കി വിടാൻ കെട്ടിയ ഡ്രെയിനേജ് ലീക്കില്ലെന്നാണ് അധികൃതരുടെ അവകാശ വാദം. എന്നാൽ പലയിടങ്ങളിലും ലീക്കുള്ളതിനാൽ ഇത് കടന്നുപോവുന്ന വീടുകളുടെ മുറ്റങ്ങളിലേക്കാണ് കറുത്തിരുണ്ട വെള്ളം ഇറങ്ങിയെത്തുന്നത്.

### കുടിയൊഴിപ്പിക്കൽ ഭീഷണി

ഞെളിയൻ പറമ്പ് വികസനത്തിൻെറ പേരിൽ ഇവിടെയുള്ള പ്രദേശവാസികളെ കുടിയിറക്കാവനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഏറ്റവുമൊടുവിൽ അധികൃതർ. അതിൻെറ ഒന്നാം ഘട്ടത്തിൽ പറമ്പിൻെറ തെക്കു ഭാഗത്ത് നാലും അഞ്ചും സെൻറിൽ വീടു വെച്ചുതാമസിക്കുന്ന പാവങ്ങളിൽ 50തോളംകുടുംബങ്ങൾക്ക് നോട്ടീസ് നൽകിക്കഴിഞ്ഞു. ഗ്രീൻ ബെൽറ്റ് സ്ഥാപിക്കാനാണിതെന്ന് പറയുന്നതെങ്കിലും ക്രമേണ മുഴുവനാളുകളെയും കുടിയൊഴിപ്പിച്ച് കോർപറേഷൻെറ ട്രഞ്ചിംഗ് ഗ്രൗണ്ട് ആക്കി വികസിപ്പിക്കാനുള്ള ശ്രമമാണിത്.

രണ്ടര ഏക്കറിന് ഇരുപത്തിആറ് ലക്ഷത്തിച്ചില്ലറ രൂപ സ്ഥലത്തിന് വിലനിശ്ചയിച്ചിരിക്കുന്നത്. ഇതനുസരിച്ച് സെൻറിന് മുപ്പതിനായിരത്തിൽ കൂടുതൽ കിട്ടില്ല. വിലയറിഞ്ഞഈ പാവങ്ങൾ തങ്ങൾ പിറന്നു വളർന്ന മണ്ണ് വിട്ട് പോവാൻ ഒരുക്കമല്ലെന്ന് തഹസിദാരോട് പറഞ്ഞപ്പോൾ എങ്കിൽ നിങ്ങൾ കോടതികയറാൻതയ്യാറായിക്കോളൂ എന്ന ധിക്കാരപൂർണവും ഭീഷണി കലർന്നതുമായ സ്വരത്തിലാണ് സംസാരിച്ചത്.

ഇപ്പോൾഞെളിയൻ പറമ്പിൽ വീണ്ടും സമരമുഖം തുറക്കുകയാണ് പ്രദേശവാസികളും സമരമുന്നണിയും. ബലമായി കുടിയൊഴിപ്പിക്കലിനു തുനിഞ്ഞാൽ അത് കേരളത്തിലെ ഭരണകൂട അതിക്രമത്തിൻെറ മറ്റൊരുഭൂമികയാവുമെന്ന് ഉറപ്പ്. ഇനിയുരുമൊരു ഞെളിയൻ പറമ്പ് ആവർത്തിക്കാതിരിക്കണമെങ്കിൽ ഈ സമരം വിജയിച്ചേ തീരൂ എന്ന ഉറച്ച നിലപാടിലാണ് ഇപ്പോൾ പ്രദേശ വാസികൾ പലതവണ രാഷ്ട്രീക്കളികൾ തകർത്തെറിഞ്ഞ ഞെളിയൻ പറമ്പ് സമരം ഇത്തവയെങ്കിലും വിജയിച്ചേതീരൂ.

*മാധ്യമം ദിനപത്രം*
*സിൽവർ ഹിൽസ്, കോഴിക്കോട്*

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com